"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - വകുപ്പിന് സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.**84/2025/TAXES** തീയതി,തിരുവനന്തപുരം, **22-09-2025**

---

പരാമർശം:- **1.** സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ **23.07.2025**-ലെ **SLTY/3011/2025-MOD1** നമ്പർ കത്ത്

**2. 18.09.2025**-ലെ സ.ഉ.(കൈ) നം.**83/2025**/ടാക്സസ്

**<u>ഉത്തരവ്</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി പരാമർശം **(1)** പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു.

**2.** സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെയും രണ്ടു ജോയിന്റ് ഡയറക്ടർമാരുടെയും പ്രവർത്തനം വികാസ് ഭവനിൽ പ്രവർത്തിക്കുന്ന ഭാഗ്യക്കുറി ഡയറക്ടറേറ്റിലാണെങ്കിലും ജോയിന്റ് ഡയറക്ടർ (ഭരണം)-റുടെ കീഴിലുള്ള നിയമ വിഭാഗം, ജോയിന്റ് ഡയറക്ടർ (ഓപ്പറേഷൻസ്)-റുടെ കീഴിലുള്ള നവീകരണ വിഭാഗം, ഐ ടി വിഭാഗം എന്നിവയും വകുപ്പിന്റെ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾ കൈകാര്യം ചെയ്യുന്ന വിദഗ്ധരും, ഡേറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ എന്നിവരും തമ്പാനൂർ കെ.എസ്.ആർ.ടി.സി. ടെർമിനലിലുള്ള ഭാഗ്യക്കുറി അനക്സിലാണ് പ്രവർത്തിക്കുന്നതെന്നും ഇത് വകുപ്പിന്റെ പ്രവർത്തനച്ചെലവ് വർദ്ധിപ്പിക്കുന്നതിനോടൊപ്പം, ഇത്തരത്തിൽ ചിതറിക്കിടക്കുന്ന ക്രമീകരണം വകുപ്പിന്റെ കാര്യക്ഷമതയെ ദോഷകരമായി ബാധിക്കുകയും വകുപ്പിന്റെ പ്രവർത്തനത്തിനും, ഏകോപനത്തിനും, പൊതുജനസേവനത്തിനും വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ടെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**3.** കൂടാതെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലും, കോഴിക്കോട് ആഭ്യന്തര ഓഡിറ്റ് കാര്യാലയത്തിലുമായാണ് വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ്

വിഭാഗം പ്രവർത്തിക്കുന്നതെന്നും ഫിനാൻസ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ തുടങ്ങിയവർ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുമ്പോൾ വടക്കൻ ജില്ലകളിലെ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു വാടക കെട്ടിടത്തിൽ ഓഡിറ്റ് വിഭാഗം പ്രവർത്തിക്കുന്നത് ഒഴിവാക്കാവുന്നതും സംയോജിതമായി ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം ഏകോപിപ്പിക്കാവുന്നതുമാണെന്നും എല്ലാ ഓഫീസുകളിലും പരിശോധനക്കായി ഫിനാൻസ് ഓഫീസറോ, അക്കൗണ്ട്സ് ഓഫീസറോ പോകണമെന്നിരിക്കെ ഓഡിറ്റ് ഓഫീസുകൾ രണ്ടായി പ്രവർത്തിക്കുന്നത് വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ടെന്നും ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന, അച്ചടി, നറുക്കെടുപ്പ്, സമ്മാന വിഭാഗങ്ങളോട് ചേർന്ന് തന്നെ ഐ ടി സോഫ്റ്റ്‌വെയർ വിഭാഗവും വിൽപ്പന, ആഭ്യന്തര വിജിലൻസ്, സ്ഥാപന വിഭാഗങ്ങൾ എന്നിവയോടു ചേർന്ന് നിയമ വിഭാഗവും പ്രവർത്തിക്കേണ്ടതുണ്ടെന്നും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ചൂണ്ടിക്കാട്ടിയിരുന്നു

4. പ്രതിമാസം 14 ലക്ഷം രൂപ നല്കി പ്രവർത്തിക്കുന്ന നറുക്കെടുപ്പ് വേദി വകുപ്പിന് സ്വന്തമായി സ്ഥാപിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ടെന്നും നിലവിൽ ഭീമമായ വാടക നല്കി വിവിധ വാടക വേദികളിൽ നടന്നുവരുന്ന സമ്മാന ജേതാക്കൾക്ക് ധന വിനിയോഗത്തിൽ പരിശീലനവും അവബോധവും ബോധവത്കരണവും നല്കുന്നതിനായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ, ഏജന്റുമാരുടെ വിവിധ സംഘടനാ യോഗങ്ങൾ, ഏജന്റുമാർക്കും വില്പനക്കാർക്കുമായുള്ള പരിശീലന പരിപാടികൾ, വകുപ്പ് ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ, ഭാഗ്യക്കുറികളുടെ ലോഞ്ച് ഇവന്റുകൾ തുടങ്ങിയ ആവശ്യങ്ങൾക്കായി കുറഞ്ഞത് 150 ആളുകളെ ഉൾക്കൊള്ളുന്ന കോൺഫറൻസ് ഹാൾ, സി-ഡിറ്റിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്യൂരിറ്റി ഡിസൈൻ ലാബ് മാറ്റിസ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടം എന്നിവയെല്ലാം വകുപ്പിന് സജ്ജമാക്കേണ്ടതുണ്ടെന്നും ഇതിനെല്ലാം പരിഹാരമായി ഇത്തരം സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന സ്വന്തം ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതാവും ഉചിതമെന്നും ആയതിനായി തിരുവനന്തപുരം നഗരഭാഗത്തെ വിവിധ വില്ലേജ് ഓഫീസുകളിൽ അന്വേഷിച്ചതിൽ ഒഴിവുള്ള സർക്കാർ റവന്യൂ ഭൂമി ഇല്ലായെന്നും എന്നാൽ തൈക്കാട് വില്ലേജിന്റെ പരിധിയിൽ ബാബുജി സ്ട്രീറ്റ് ആരംഭിക്കുന്ന ഭാഗത്ത് റോഡിന്റെ തെക്ക് വശത്തായി മേട്ടുക്കട-വലിയശാല റോഡിന്റെ പടിഞ്ഞാറു വശത്തായും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ (KMSCL) കിഴക്ക് വശത്തായും ഒഴിഞ്ഞ നിലയിൽ കാണുന്ന ഉദ്ദേശം 40 സെന്റ് സ്ഥലമോ (Block No.97, Resurvey No.2) മണക്കാട് വില്ലേജ് പരിധിയിൽ കിഴക്കേക്കോട്ട ബസ് സ്റ്റാന്റിനടുത്തുള്ള അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ ഹൈസ്കൂൾ കോമ്പൗണ്ടിനുള്ളിലായി ഏതെങ്കിലും ഒരു ഭാഗത്തായി 40 സെന്റ് സ്ഥലമോ (Block No.22, Resurvey

**No.30/17)** ഭാഗ്യക്കുറി വകുപ്പിന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി ഉപയുക്തമാക്കാവുന്നതാണെന്നും എങ്കിലും തൈക്കാട് വില്ലേജ് പരിധിയിൽ വരുന്ന സ്ഥലം ലഭിക്കുകയാണെങ്കിൽ അതാവും കൂടുതൽ സൗകര്യപ്രദമാവുകയെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

**5.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, തൈക്കാട് വില്ലേജിന്റെ പരിധിയിൽ ബാബുജി സ്ട്രീറ്റ് ആരംഭിക്കുന്ന ഭാഗത്ത് റോഡിന്റെ തെക്ക് വശത്തായി മേട്ടുക്കട-വലിയശാല റോഡിന്റെ പടിഞ്ഞാറു വശത്തായും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ **(KMSCL)** കിഴക്ക് വശത്തായും ഒഴിഞ്ഞ നിലയിൽ കാണുന്ന ഉദ്ദേശം **40** സെന്റ് **(Block No.97, Resurvey No.2)** സ്ഥലത്ത് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കാവുന്നതാണെന്ന സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ ശിപാർശയ്ക്ക് തത്വത്തിൽ അനുമതി നല്കി പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് മേൽ പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (**TAXES-H1/231/2025-TAXES**)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 22-09-2025 13:01:36
സെക്ഷൻ ഓഫീസർ